എന്നുള്ള നിലയിൽ ഇപ്പോൾ താമരശ്ശേരി (ലോക്കൽ)-ലേക്ക് മാറ്റിയിട്ടുണ്ട്. പക്ഷേ അദ്ദേഹത്തെ ഇൻവെസ്റ്റിഗേഷൻ ടീമിൽനിന്ന് മാറ്റിയിട്ടില്ല. ക്രൈം ബ്രാഞ്ച് ഡിവൈ.എസ്.പി. എന്നുള്ള നിലയിൽ അദ്ദേഹം നടത്തിവന്നിരുന്ന ഈ കേസ്സിന്റെ ചുമതല അദ്ദേഹത്തിനുതന്നെ കൊടുത്തുകൊണ്ടാണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. അതുകൊണ്ട് ഈ കേസ് അന്വേഷണത്തെയൊന്നും സ്ഥലമാറ്റം ബാധിക്കുന്നതല്ല. പല കേസ്സും അന്വേഷിച്ചുവരുന്ന ഉദ്യോഗസ്ഥർമാരെ അങ്ങോട്ടുമിങ്ങോട്ടും മാറ്റേണ്ടതായിവരും. അങ്ങനെ മാറ്റുമ്പോൾ ഏതെങ്കിലും പ്രത്യേക പ്രാധാന്യമുള്ള കേസ്സാണെങ്കിൽ അത് അന്വേഷിക്കാൻ അവരെത്തന്നെ ചുമതലപ്പെടുത്താറുണ്ട്. ഈ കേസ്സും അങ്ങനെ ചെയ്യാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട നടപടികൾ വേഗം പൂർത്തീകരിക്കുവാൻ ഉദ്യോഗസ്ഥർമാർക്ക് നിർദ്ദേശം കൊടുക്കുന്നതാണ്.

(13) ഹൈവേ പട്രോളിംഗ്

ശ്രീ. കെ. കെ. ഷാജു: സർ, കെ.പി. റോഡിൽ ഹൈവേ പട്രോളിംഗ് ആരംഭിക്കുന്നതിനെ സംബന്ധിച്ചാണ് എന്റെ സബ്മിഷൻ. സംസ്ഥാനത്ത് ഏറെ പ്രാധാന്യമുള്ള പാതയാണ് കായംകുളം-പുനലൂർ റോഡ്. മലയോര മേഖലയെ തീരദേശവുമായി ബന്ധിപ്പിക്കുന്ന അതിപ്രധാനമായിട്ടുള്ള ഒരു പാതയാണ്. പുനലൂർ, പത്തനാപുരം, അടൂർ, പന്തളം, മാവേലിക്കര, കായംകുളം എന്നീ ആറ് നിയോജക മണ്ഡലങ്ങളിലൂടെയാണ് ഇത് കടന്നുപോകുന്നത്. ഇന്ന് യഥാർത്ഥത്തിൽ ഈ കെ.പി. റോഡ് ഒരു മരണക്കെണിയായി മാറിയിരിക്കുകയാണ്. കഴിഞ്ഞ രണ്ടാഴ്ചക്കിടയിൽ 15 ജീവിതങ്ങളാണ് അവിടെ പൊലിഞ്ഞുവീണത്. കൂടുതലും വാഹനാപകടങ്ങളാണ്. കണ്ടെയ്നർ ലോറികളും അതുപോലെ ഡീസൽ, പെട്രോൾ ടാങ്കറുകളും ഇടതടവില്ലാതെ ഓടിക്കൊണ്ടിരിക്കുകയാണ്. ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിനേക്കാൾ തിരക്കേറിയ റോഡാണ് കെ.പി. റോഡ്. ഇപ്പോഴാണെങ്കിൽ കെ.എസ്.ടി.പി. ആധുനികരൂപത്തിൽ പുനർനിർമ്മിച്ചതിനുശേഷം വാഹനങ്ങളുടെ സ്പീഡും വർദ്ധിച്ചിട്ടുണ്ട്. ഓരോ ദിവസവുമുണ്ടാകുന്ന പോലീസ് കേസ്സുകൾ പരിശോധിച്ചാൽതന്നെ അത് വ്യക്തമാകും. അതുകൊണ്ട് കെ.പി. റോഡിൽ അടിയന്തരമായി ഒരു ഹൈവേ പട്രോളിംഗ് സിസ്റ്റം ആരംഭിക്കുവാനും അത് നന്നായി മുന്നോട്ടുകൊണ്ടു പോകാനും ആവശ്യമായ ഉദാരമായ ഒരു സമീപനം ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട അംഗം കെ. കെ. ഷാജു പറഞ്ഞിട്ടുള്ള ഈ പ്രശ്നം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെ.പി. റോഡ് ഒരു പ്രധാനപ്പെട്ട റോഡാണ്. അവിടത്തെ ട്രാഫിക് അപകടം കുറയ്ക്കുന്നതിനും അപകടമുണ്ടായാൽ പെട്ടെന്ന് പോലീസ് സഹായം ലഭ്യമാക്കുന്നതിനും മറ്റ് കുറ്റകൃത്യങ്ങൾ തടയുന്നതിനുമായി കായംകുളം-പുനലൂർ റോഡിൽ ഹൈവേ പോലീസിനെ നിയമിക്കണമെന്നുള്ള ആവശ്യമാണ് ഉന്നയിച്ചിട്ടുള്ളത്. ഇതുസംബന്ധിച്ച് ഒരു പ്രൊപ്പോസൽ തയ്യാറാക്കി പോലീസ് ഹെഡ് ക്വാർട്ടേഴ്സിൽനിന്ന് ഗവൺമെന്റിന് കിട്ടിയിട്ടുണ്ട്. കായംകുളം പോലീസ്

LIBRARY ARCHIVES Kerala Legislative Assembly

സബ്ഡിവിഷനിൽനിന്നും ഇതിനാവശ്യമായ ഒരു വാഹനം കിട്ടാത്തതാണ് ഇത് തുടങ്ങുന്നതിന് താമസമുണ്ടായത്. അതുകൊണ്ട് ബഹുമാനപ്പെട്ട അംഗം ഈ പ്രശ്നം ഇവിടെ ഉന്നയിച്ചതിന്റെ പ്രാധാന്യംകൂടി കണക്കിലെടുത്തുകൊണ്ട് കായംകുളം സബ്ഡിവിഷനിൽനിന്ന് ഒരു വാഹനം ഇതിനുവേണ്ടി പ്രത്യേകം അനുവദിച്ച് ഹൈവേ പട്രോളിംഗ് ആ സ്ഥലത്തുകൂടി നടത്തണമെന്നുള്ള നിർദ്ദേശം ഉദ്യോഗസ്ഥർക്ക് ഇന്ന് ഞാൻ ബന്ധപ്പെട്ട കൊടുത്തിട്ടുണ്ട്. അതിനുള്ള നടപടി അധികം താമസിയാതെ എടുക്കുന്നതായിരിക്കും.

(14) സ്കാനിംഗ് യന്ത്രത്തിന്റെ കേബിൾ മുറിച്ച് മാറ്റിയ സംഭവം

ശ്രീ. വി.എസ്. സുനിൽ കുമാർ : സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കേരളത്തിലെ മെഡിക്കൽ കോളേജുകളിലും മറ്റ് സർക്കാർ ആശുപത്രികളിലും നിരവധി ആധുനിക യന്ത്രോപകരണങ്ങൾ ചികിത്സാ നിർണ്ണയത്തിനുവേണ്ടി സ്ഥാപിച്ചിട്ടുണ്ട്. കോടിക്കണക്കിന് രൂപ ചെലവഴിച്ചു കൊണ്ടാണ് ശ്രീമതി പി.കെ. ശ്രീമതി ടീച്ചറുടെ നേതൃത്വത്തിൽ ഈ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലും അതുപോലെതന്നെ മറ്റ് സർക്കാർ ആശുപത്രികളിലും ഈ ഉപകരണങ്ങൾ സ്ഥാപിച്ചിരിക്കുന്നത്.പാവപ്പെട്ട ജനങ്ങൾക്ക് സൗജന്യമായോ സൗജന്യനിരക്കിലോ ഏറ്റവും ആധുനികമായ ഉപകരണങ്ങളുടെ ഉപയോഗത്തോടുകൂടി ചികിത്സാ സൗകര്യം കിട്ടാവുന്ന സംവിധാനം ഇന്ന് കേരളത്തിൽ എല്ലായിടത്തുമുണ്ട്. ഞാൻ ഉന്നയിക്കുന്ന ഒരു പ്രധാനപ്പെട്ട പ്രശ്നം തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സിയാം എന്ന് പറയുന്ന പ്രധാനപ്പെട്ട ഒരു സ്കാനിംഗ് യന്ത്രം സ്ഥാപിക്കുകയുണ്ടായി. ഓർത്തോപീഡിക് സർജറി വിഭാഗത്തിൽ സൂക്ഷ്മ ശസ്ത്രക്രിയകൾ ചെയ്യാൻ വേണ്ടി കൂടുതലായി ഉപയോഗിക്കുന്ന ഒരു ഉപകരണമാണിത്. ഓപ്പറേഷൻ തിയേറ്ററിനകത്ത് സൂക്ഷിച്ചിരിക്കുന്ന ഈ ഉപകരണത്തിന്റെ മൂർച്ചയേറിയ ആയുധംകൊണ്ട് കേബിൾ മുറിച്ചുമാറ്റിയ സംഭവം തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഉണ്ടായി. ഇത് സംബന്ധിച്ച് പോലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചെങ്കിലും ഇതുമായി ബന്ധപ്പെട്ട പ്രതികളെ പിടിക്കാനോ അവർക്കെതിരെ ശിക്ഷാനടപടികൾ ആരംഭിക്കാനോ ഇതുവരെ കഴിഞ്ഞിട്ടില്ല. ഞാൻ ഇത് ഉന്നയിക്കാൻ കാരണം നമ്മുടെ ഗവൺമെന്റ് നയം അനുസരിച്ച് മന്ത്രിയുടേയും ജനപ്രതിനിധികളുടേയും താല്പര്യം അനുസരിച്ച്, എല്ലാ സർക്കാർ ആശുപത്രികളിലും ഇതുപോലെയുള്ള ആധുനികമായ ഉപകരണങ്ങൾ സ്ഥാപിക്കുന്നത് ജനങ്ങൾക്ക് ഉപയോഗിക്കാൻ വേണ്ടിയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം ആ ഉപകരണങ്ങളെല്ലാം സാധാരണക്കാർക്ക് നന്നായി ഉപയോഗിക്കാൻ കഴിയുന്നതുകൊണ്ട് സ്വകാര്യ ആശുപത്രികളിൽ ഇതിനുവേണ്ട ചികിത്സയ്ക്ക് വരുന്നവരുടെ എണ്ണം കുറഞ്ഞുവരികയാണ്. സാധാരണക്കാർ മാത്രമല്ല, ഇടത്തട്ടുകാരായ ആളുകൾ ഉൾപ്പെടെ ഇന്ന് മെഡിക്കൽ കോളേജുകളെ സമീപിക്കുന്നതിനുള്ള കാരണം, ഇതുപോലുള്ള ആധുനികമായ സജ്ജീകരണങ്ങൾ നമ്മുടെ മെഡിക്കൽ കോളേജുകളിൽ ഈ ഗവൺമെന്റ് ഏർപ്പെടുത്തിയതിനാലാണ്. എന്നാൽ ഇത് അട്ടിമറിക്കാൻ ചില ആളുകൾ ആസൂത്രിതമായി ശ്രമിക്കുകയാണ്. തൃശ്ശൂർ ജില്ലാ ആശുപത്രിയിലെ

LIBRARY ARCHIVES Kerala Legislative Assembly